## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6793** 10.07.2014-ലെ മറുപടിക്ക്

**മഞ്ചേരി മെഡിക്കൽ കോളേജിലെ അടിസ്ഥാന സൗകര്യങ്ങൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എളമരം കരീം<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ഡോ. കെ.ടി. ജലീൽ<br>ശ്രീ. ടി.വി. രാജേഷ് | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സർക്കാർ മേഖലയിൽ പുതുതായി ആരംഭിച്ച മഞ്ചേരി മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത കാരണം വിദ്യാർത്ഥി പ്രവേശനം തടഞ്ഞിട്ടുണ്ടോ; | എ) മഞ്ചേരി മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത കാരണം വിദ്യാർത്ഥി പ്രവേശനം തടഞ്ഞിട്ടില്ല. |
| ബി) നിലവിലുള്ള ജില്ലാ ആശുപത്രികളെ മെഡിക്കൽ കോളേജുകളാക്കാൻ നയപരമായ തീരുമാനമെടുത്തിട്ടുണ്ടോ; | ബി) മഞ്ചേരി ജനറൽ ആശുപത്രിയെയും ഇടുക്കി ജില്ലാ ആശുപത്രിയെയും അതാതിടങ്ങളിലെ മെഡിക്കൽ കോളേജുകളുടെ ഭാഗമായി നിശ്ചയിച്ചിട്ടുണ്ട്. |
| സി) മഞ്ചേരി ജില്ലാ ആശുപത്രിയെ മെഡിക്കൽ കോളേജായി ഉയർത്തിയതിന്റെ ഭാഗമായി നടത്തിയ വികസന പ്രവർത്തനത്തിന്റെ വിശദാംശങ്ങൾ അറിയിക്കാമോ? | സി) മഞ്ചേരി ജനറൽ ആശുപത്രിയിൽ നിലവിലുള്ള ഒ.പി. സംവിധാനം മെഡിക്കൽ കോളേജ് ആശുപത്രിയുടെ ആവശ്യാനുസരണം രൂപപ്പെടുത്തി പ്രവർത്തനം ആരംഭിക്കുകയും ഐ.പി., ഒ.പി., കാഷ്വാലിറ്റി രജിസ്ട്രേഷനുകളും അഡ്മിഷനുകളും മെഡിക്കൽ ലൈബ്രറിയും കമ്പ്യൂട്ടർവത്കരിച്ചിട്ടുമുണ്ട് ഐ.സി.യു,, ഐ.സി.സിയു, എസ്.എൻ. സി.യു. എന്നിവിടങ്ങളിലേക്ക് സെൻട്രലൈസ്ഡ് ഓക്സിജൻ സിലിണ്ടറുകളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. അത്യാഹിത വിഭാഗത്തിൽ വിവിധ വകുപ്പുകൾക്ക് വെവ്വേറെ സ്ഥലങ്ങൾ ഏർപ്പെടുത്തുകയും എല്ലാ ക്ലിനിക്കൽ ഡിപ്പാർട്ടുമെന്റുകൾക്കും ഓഫീസ് റൂമുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ആശുപത്രിയിൽ എസ്.എൻ. സിയു |

പ്രവർത്തന സജ്ജമാക്കുകയും എം.ആർ. എൽ. കൂടുതൽ സൗകര്യങ്ങളോടെ താഴത്തെ നിലയിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. 95 ലക്ഷം രൂപ ചെലവാക്കി മഞ്ചേരി ആശുപത്രിയിൽ നിലവിലുണ്ടായിരുന്ന പഴയ ബ്ലോക്കിൽ മെഡിക്കൽ കോളേജ് ആശുപത്രിക്ക് ആവശ്യമായ ക്ലിനിക്കൽ, ലക്ചർ ഹാളുകളും സെമിനാർ ഹാളുകളും അനുബന്ധ ഓഫീസുകളും തയ്യാറാക്കി വരുന്നുണ്ട്. ജനറൽ ആശുപത്രിയിൽ ജോലിചെയ്തുവരുന്ന മുഴുവൻ ഡോക്ടർമാരോടും ഡീംഡ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ സേവനം അനുഷ്ടിക്കുന്നതിനായി അവരുടെ സമ്മതം ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിലുള്ള പത്തോളജി, മൈക്രോ ബയോളജി സൗകര്യങ്ങൾ ഉൾപ്പെടുത്തി സെൻട്രൽ ക്ലിനിക്കൽ ലബോറട്ടി തയ്യാറാക്കിയിട്ടുണ്ട്.

മെഡിക്കൽ കോളേജ് ആശുപത്രി യിൽ തിയറ്റർ കമ്മിറ്റി രൂപീകരിച്ച് ഓപ്പറേഷൻ തിയറ്ററിന്റെ പ്രവർത്തനം ഏകോപിപ്പിച്ചിട്ടുണ്ട്. കൂടാതെ ആശുപത്രി യിലെ ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന തിനായി കോർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ